ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-5068/17/സിഇ/തസ്വഭവ

തീയതി : 03.10.2017

# സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച്

സൂചന:- ഈ ഓഫീസിലെ 30.08.2017-ലെ ഇ1-2700/13/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

സൂചന ഉത്തരവ് പ്രകാരം വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകുന്നതിന് 23.08.2017-ലെ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അധികചുമതല നൽകി ഉത്തരവായിട്ടുള്ളതാണ്. ടി വിഷയം 03.10.2017-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ കാസർഗോഡ് ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് പ്രകാരം ചർച്ച ചെയ്യുകയുണ്ടായി. ടി ഉത്തരവിൽ അപ്രായോഗികത ഉണ്ടെന്ന് വിലയിരുത്തുകയും ഇക്കാര്യത്തിൽമാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടെ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്ന വ്യവസ്ഥ പാലിച്ചുകൊണ്ട്, സൂചന ഉത്തരവിന് മുൻപുള്ള സ്ഥിതി തുടരാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതായത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും അധിക ചുമതല നൽകിയിരുന്നത് തുടരാവുന്നതാണ്. ഈ ആവശ്യത്തിലേക്ക് പുതുതായി എന്തെങ്കിലും ചാർജ്ജ് അറേഞ്ച്മെന്റ് നടത്തേണ്ടതുണ്ടെങ്കിൽ ടി വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. ടി വിഷയം സാങ്കേതികാനുമതി നൽകുന്നതിനും, വെറ്റിംഗിനും തടസ്സമാകരുതെന്നും അറിയിക്കുന്നു.

ചീഫ് എൻജിനീയർ

P 1589